**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊയിലാണ്ടി നഗരസഭാ പരിധിയിലുള്ള വലിയമലയിലെ നാല് ഏക്കർസ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് ക്യാമ്പസ് ആരംഭിക്കുന്നതിനായി വിട്ടു നൽകുന്നതിന് കൊയിലാണ്ടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ)നം.60/2022/ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി : 15/03/2022

---

പരാമർശം:- 1) 27.12.2012-ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനം

2) 24.07.2013-ലെ 12-ാം നമ്പർ കൗൺസിൽ തീരുമാനം

3) കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയുടെ 27.06.2015-ലെ R1-13697/12 നമ്പർ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 17.04.2013-ലെ ജി3-4411/13 നമ്പർ കത്ത്.

**ഉത്തരവ്**

കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിൽപ്പെട്ടതും വ്യാവസായിക ആവശ്യത്തിന് നഗരസഭ വാങ്ങിയതുമായ അരിക്കുളം വില്ലേജിൽ റീസർവ്വെ 35-ൽ 3.037 ഏക്കറും റീ സർവ്വെ 9/2-ൽ 3.395 ഏക്കർ സ്ഥലവും ഉൾപ്പെടെ 6.432 ഏക്കർ സ്ഥലം, വ്യവസായം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴെല്ലാമുള്ള പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് വ്യവസായ ആവശ്യത്തിൽ നിന്ന് ഒഴിവാക്കി വെറ്ററിനറി സർവ്വകലാശാലയ്ക്ക് ക്യാമ്പസ് ആരംഭിക്കുന്നതിന് സൗജന്യമായി വിട്ടു നൽകുന്നതിന് പരാമർശം 1, 2 തീരുമാനങ്ങൾ പ്രകാരം കൗൺസിൽ തീരുമാനമെടുത്തിരുന്നു. തുടർന്ന് ടി ഭൂമിയിൽ നിന്ന് 4 ഏക്കർ സ്ഥലം വെറ്ററിനറി സർവ്വകാലശാലയ്ക്ക് ക്യാമ്പസ് ആരംഭിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിലേയ്ക്കായി സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം 3 പ്രകാരം കൊയിലാണ്ടി നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Kerala Municipality (Acquisition & Disposal of Property) Rules 2000 ലെ 3(1) വകുപ്പ് പ്രകാരം സ്ഥലം വിട്ട് നൽകാവുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 178 വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് വില നൽകി വാങ്ങി നിക്ഷിപ്തമായ ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കാതെ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ കയ്യൊഴിക്കാവുന്നതുമാണ്.

3) കൊയിലാണ്ടി മുനിസിപ്പാലിറ്റി പരിധിയിലും, നഗരസഭയുടെ ഉടമസ്ഥതയിലുംപ്പെട്ട, അരിക്കുളം വില്ലേജിൽ റീ. സ. 35-ൽ 3.037 ഏക്കറും റീ.സ.9/2-ൽ 3.395 ഏക്കറും ഉൾപ്പെടെ 6.432 ഏക്കർ സ്ഥലത്ത് നിന്നും നാല് ഏക്കർ സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് ക്യാമ്പസ് ആരംഭിക്കുന്നതിന് സൗജന്യമായി വിട്ടു നൽകുന്നതിനും ബാക്കി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കമ്പിവേലി കെട്ടി, മറ്റു ആവശ്യത്തിലേക്ക് യഥാവിധി സംരക്ഷിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കൊയിലാണ്ടി നഗരസഭയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ.ആർ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കൊയിലാണ്ടി.
പ്രൊഫസർ & ഹെഡ്, കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല, റീജണൽ കാറ്റിൽ ഇൻഫർട്ടിലിറ്റി റിസർച്ച് സെന്റർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
റവന്യൂ (എൽ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി4/456/2015/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ